# അല്ലാഹുവിന്റെ ഗുണനാമം ഖവിയ്യ് (പ്രബലന്‍)

അല്ലാഹുവിന്റെ ഖവിയ്യ (പ്രബലന്‍) എന്ന ഗുണനാമത്തെക്കുറിച്ച് വിശുദ്ധ ഖുര്‍ആനില്‍ പലയിടങ്ങളിലായി പരാമര്‍ശിക്കപ്പെട്ടിട്ടുണ്ട്. അതായത് ഖവിയ്യ് എന്ന ഈ ഗുണനാമം പൊതുവില്‍ മനുഷ്യനുമായി ബന്ധപ്പെടുത്തിപ്പറയുമ്പോള്‍ അവന്റെ ശാരീരികവും ബൗദ്ധികവുമായ കഴിവുകള്‍ക്കും പലതരം പ്രവൃത്തികള്‍ ചെയ്യാനുള്ള കഴിവിനും അവന്റെ വൈജ്ഞാനികമായ വളര്‍ച്ചകള്‍ക്കും ഉപയോഗിക്കുന്നു. എന്നാല്‍ അല്ലാഹുമായി ബന്ധപ്പെടുത്തിപ്പറയുമ്പോള്‍ അതിന്റെ അര്‍ത്ഥം എല്ലാവിധത്തിലും ശക്തിയുള്ളവന്‍ എന്നാണ്. അവനോട് മത്സരിക്കാന്‍ ആര്‍ക്കുംതന്നെ സാധ്യമല്ല. അവന്‍ പ്രബലരില്‍ പ്രബലനാണ്. എല്ലാവിധ ശക്തികളുടേയും ഉടമസ്ഥനാണവന്‍ തന്റെ സൃഷ്ടികള്‍ക്കും ചില കഴിവുകള്‍ നല്‍കി അനുഗ്രഹിച്ചിരിക്കുന്നു. ഞാന്‍ നേരത്തെ പറഞ്ഞത്പോലെ വിശുദ്ധഖുര്‍ആനില്‍ തന്റെ ഈ ഗുണനാമത്തെക്കുറിച്ച് പല സന്ദര്‍ഭങ്ങളിലായി അല്ലാഹു പറഞ്ഞിട്ടുണ്ട്. പ്രസ്തുത സ്ഥലങ്ങളിലെല്ലാം ഒന്നുകില്‍ മുന്നറിയിപ്പ് എന്ന നിലയിലോ, മോശമായ പര്യവസാനത്തെക്കുറിച്ചുള്ള ഭയപ്പെടുത്തലായോ അതുമല്ലെങ്കില്‍ തിക്തഫലങ്ങളെക്കുറിച്ചോ ആണ് അറിയിച്ചിട്ടുള്ളത്. കൂടാതെ അല്ലാഹുവിന്റെ വാക്കുകള്‍ക്ക് ചെവികൊടുക്കാതെ അതിനെ അശ്രദ്ധരായി കാണുന്നവരുടെ പര്യവസാനത്തെക്കുറിച്ചോ അതായത് അവരില്‍ ശിക്ഷകളിറങ്ങിയതുമായി ബന്ധപ്പെട്ടോ ആണ് ഈ വാക്ക് ഉപയോഗിച്ചിട്ടുള്ളത്. എന്നാല്‍ അല്ലാഹുവിനെ എല്ലാവിധത്തിലും ശക്തിയുള്ളവനെന്നും പ്രബലനെന്നും മനസ്സിലാക്കുന്നവര്‍ അല്ലാഹുവിന്റെ അനുഗ്രഹങ്ങള്‍ക്ക് അവകാശികളായിത്തീരുന്നു.

ആദ്യമായി അല്ലാഹു സൂറ ബഖറയില്‍ ബഹുദൈവാരാധകര്‍ക്കാണ് മുന്നറിയിപ്പ് നല്‍കിയിട്ടുള്ളത്. അതായത് ഈ ബഹുദൈവാരാധന കഠിനമായ ശിക്ഷയ്ക്ക് കാരണമായിത്തീരുന്നതാണ്. എന്നാല്‍ സത്യവിശ്വാസികളുടെ അടയാളമായി ഒരു സ്ഥലത്ത് അല്ലാഹു പറയുന്നത് അല്ലാഹുവിനോടുള്ള അവരുടെ സ്നേഹം മറ്റെല്ലാ സ്നേഹങ്ങളേക്കാളും മികച്ചതായിരിക്കും. സൂറ ബഖറ 166-ാം വചനത്തില്‍ അല്ലാഹു പറയുന്നു

وَمِنَ النَّاسِ مَنْ يَّتَّخِذُ مِنْ دُوْنِ اللّٰهِ
اَنْدَادًا يُّحِبُّوْنَهُمْ كَحُبِّ اللّٰهِ ۗ وَالَّذِيْنَ
اٰمَنُوْٓا اَشَدُّ حُبًّا لِّلّٰهِ ۗ وَلَوْ يَرَى الَّذِيْنَ
ظَلَمُوْٓا اِذْ يَرَوْنَ الْعَذَابَ ۙ اَنَّ الْقُوَّةَ لِلّٰهِ
جَمِيْعًا ۙ وَّاَنَّ اللّٰهَ شَدِيْدُ الْعَذَابِ ﴿١٦٦﴾

അതായത് അല്ലാഹുവിന് പുറമേ (അവന്) സമന്മാരെ സ്വീകരിക്കുന്നവരായി മനുഷ്യരില്‍ ചിലരുണ്ട്. അല്ലാഹുവിനെ സ്നേഹിക്കുന്നത് പോലെ അവര്‍ അവരെ സ്നേഹിക്കുന്നു.സത്യവിശ്വാസികളാകട്ടെ അല്ലാഹുവിനോട് ഏറ്റവുമധികം സ്നേഹമുള്ളവരാകുന്നു. അധര്‍മ്മം പ്രവര്‍ത്തിച്ചവര്‍ ശിക്ഷ കണ്‍മുമ്പില്‍ കാണുമ്പോഴുള്ള ആ അവസ്ഥ (വല്ല പ്രകാരത്തിലും ഇപ്പോള്‍ ) കാണുകയാണെങ്കില്‍ സകല ശക്തിയും അല്ലാഹുവിനാണെന്നും നിശ്ചയമായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണെന്നും (മനസ്സിലാക്കുമായിരുന്നു.)

ഇതില്‍ ഒന്നാമതായിപ്പറഞ്ഞത് മനുഷ്യ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യം തന്നെ അല്ലാഹുവിനെ സ്നേഹിക്കുകയും അവനെ സ്മരിച്ച് കൊണ്ടിരിക്കുകയും ചെയ്യുക എന്നതാണ്. എന്നാല്‍ ചിലര്‍ ഈ ഉദ്ദേശ്യത്തെ മറന്നുപോകുന്നു.ഈ ഭാഗത്തേക്ക് ശ്രദ്ധിക്കാറേ ഇല്ല. ഇന്ന് ലോകത്ത് ഭൂരിപക്ഷം ജനങ്ങളും ദൈവസ്നേഹത്തെക്കുറിച്ച് അറിയുന്നവരോ അറിയാനായി ശ്രമിക്കുന്നവരോ അല്ല.എന്നാല്‍ ഇതിന് വിപരീതമായി ഈ ബാഹ്യമായ ബിംബാരാധനകള്‍ ചെയ്യുന്നവരോ തങ്ങളുടെ ഹൃദയങ്ങളില്‍ വിഗ്രഹങ്ങളെ കുടിയിരുത്തുകയോ ചെയ്തവര്‍ അവരോടുള്ള സ്നേഹം ഇത്തരക്കാരുടെ ഹൃദയങ്ങളില്‍ വളരെയധികം ആഴ്ന്നിറങ്ങിയത്കൊണ്ട് ദൈവസ്നേഹത്തെക്കുറിച്ചുള്ള ചിന്തപോലും ഇത്തരക്കാര്‍ക്ക് ഉണ്ടാകുന്നില്ല. എന്നാല്‍ ഒരു യഥാര്‍ത്ഥ വിശ്വാസി തന്റെ ഹൃദയത്തില്‍ അല്ലാഹുവിനോടുള്ള സ്നേഹത്തെ മറ്റെല്ലാ സ്നേഹങ്ങളേക്കാളും അധികമാക്കുന്നു. മേല്‍ പറഞ്ഞ വചനത്തില്‍ അല്ലാഹുവില്‍ നിന്ന് അകന്നു നില്‍ക്കുന്നവര്‍ക്ക് ഒരു മുന്നറിയിപ്പാണ് നല്‍കിയിട്ടുള്ളത്. അതായത് അല്ലാഹു അല്ലാത്തവരോടുള്ള സ്നേഹം നിങ്ങള്‍ക്കെന്തെങ്കിലും വിധത്തില്‍ പ്രയോജനകരമാകും എന്ന് നിങ്ങള്‍ കരുതുന്നുണ്ടോ? എന്നാല്‍ ഒരു കാര്യം മനസ്സിലാക്കിക്കൊള്ളുക. അല്ലാഹുവല്ലാത്ത മറ്റെല്ലാം തന്നെ ഒരു ശക്തിയും ഇല്ലാത്തവയാണ്. യഥാര്‍ത്ഥ ശക്തിയും ബലവും അല്ലാഹുവിന് മാത്രമാണുള്ളത്. മറ്റൊരു സ്ഥലത്ത് ബഹുദൈവാരാധകരെക്കുറിച്ച് അല്ലാഹു പറഞ്ഞിരിക്കുന്നത് ശിര്‍ക്കില്‍ അകപ്പെട്ടവര്‍ക്ക് ഞാന്‍ പൊറുത്തുകൊടുക്കുകയില്ല എന്നാണ്. അതിനാല്‍ ഈ ലോകത്തിലെ താല്‍ക്കാലിക വിഭവങ്ങള്‍ നിങ്ങളെ അല്ലാഹുവില്‍ നിന്നകറ്റി ഏറ്റവും മോശമായ പര്യവസാനത്തിലേക്കാണ് എത്തിക്കുക. എന്നാല്‍ സത്യവിശ്വാസികളോടും പറഞ്ഞിരിക്കുന്ന ഒരു കാര്യം യഥാര്‍ത്ഥ വിശ്വാസികളെന്ന് നിങ്ങള്‍ വാദിക്കുന്നുവെങ്കില്‍ നിങ്ങളുടെ ദൈവസ്നേഹം ഇതര സ്നേഹങ്ങളേക്കാള്‍ അധികമായിരിക്കേണ്ടതാണ്. ആ സ്നേഹം മറ്റെല്ലാ സ്നേഹങ്ങള്‍ക്കും മീതെയായിരിക്കും. അവര്‍ക്ക് ലഭിക്കുന്ന ഇഹപര അനുഗ്രഹങ്ങളത്രയും അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ ഫലമായിട്ടാണ് ലഭിക്കുക.അല്ലാഹുവിനോടുള്ള സ്നേഹം അവന്റെ പ്രിയരോടുള്ള സ്നേഹത്തിലേക്കും വഴികാട്ടുന്നു. അതുകൊണ്ട് ഒരു വിശ്വാസി എപ്പോഴും ഓര്‍ത്തിരിക്കേണ്ട കാര്യം അല്ലാഹുവിനോടുള്ള സ്നേഹം പൂര്‍ണ്ണമാകുന്നത് അവന്റെ റസൂല്‍ മുഹമ്മദ് നബി (സ) യോടും സ്നേഹമുണ്ടാകുമ്പോഴാണ്. അതിനായി **ഫത്തബിഊനി യുഹിബ്ബുഖുമുല്ലാഹ്** എന്ന വിഷയത്തെക്കുറിച്ച് മനസ്സിലാക്കേണ്ടതായിവരും. സ്വലാത്തുകളിലൂടെ തങ്ങളുടെ സ്നേഹത്തെ പ്രകടിപ്പിക്കേണ്ടതായി വരും. ഈ ലോകത്തുള്ള മറ്റൊരു സ്നേഹവും ഈ രണ്ട് സ്നേഹങ്ങള്‍ക്കും അതീതമാകരുത്.പിന്നീട് അല്ലാഹു തന്റെ സൃഷ്ടികളോടുള്ള സ്നേഹത്തെക്കുറിച്ചും പറഞ്ഞിരിക്കുന്നു. മനുഷ്യരോടുള്ള സ്നേഹവും ദൈവസ്നേഹം കരഗതമാക്കാന്‍ അനിവാര്യമാണ്. ബഹുദൈവാരാധകന്‍ അല്ലാഹുവിന് സമന്മാരെ സൃഷ്ടിക്കുന്നതിലൂടെ തന്റെ മേല്‍ ശിക്ഷ വരുത്തിവെയ്ക്കുന്നുവെന്നത് വാസ്തവം തന്നെ. എന്നാല്‍ വിശ്വാസികളെന്ന് പറയ

പ്പെടുന്നവരും ഈ സ്നേഹത്തെക്കുറിച്ച് പരിചിന്തനം ചെയ്യുന്നില്ലെങ്കിൽ തങ്ങളുടെ ജീവനോട് അതിക്രമം പ്രവർത്തിക്കുന്നവരായിരിക്കും. എന്തുകൊണ്ടെന്നാൽ അല്ലാഹുവിന്റെ ഖവിയ്യ് (പ്രബലൻ) എന്ന സിഫത്തിന് പ്രാധാന്യം നൽകുന്നവരായിരിക്കില്ല. അല്ലാഹുവിന്റെ മഹത്വം മനസ്സിലാക്കുന്നവരായിരിക്കില്ല .ഇത്തരക്കാർ അല്ലാഹുവിന്റെ പിടുത്തത്തെക്കുറിച്ചും ചിന്തിക്കാറില്ല. എന്നാൽ ഒരു യഥാർത്ഥ വിശ്വാസി തന്റെ ജീവിതത്തിൽ തന്റെ ഓരോ കാൽവെപ്പും സർവ്വശക്തനായ അല്ലാഹുവിനെ അറിഞ്ഞ് കൊണ്ട് സകല ശക്തിയുടെയും ഉടമസ്ഥനായി മനസ്സിലാക്കിക്കൊണ്ടാണ് പ്രവർത്തിക്കേണ്ടത്. ബഹുദൈവാരാധകർക്കും അല്ലാഹു അല്ലാത്തവർക്ക് കൂടുതൽ പ്രാധാന്യം നൽകുന്നവർക്കും അവരുടെ പര്യവസാനത്തിന്റെ തിക്തഫലത്തെക്കുറിച്ച് ശിക്ഷയെക്കുറിച്ച് മുന്നറിയിപ്പ് നൽകിയിരിക്കുന്നു. അവരെക്കുറിച്ചുള്ള സംഭവങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. മറുഭാഗത്ത് വിശ്വാസികളോടായി പറഞ്ഞത് ദൈവസ്നേഹത്തിന്റെ ആഴങ്ങൾ അന്വേഷിച്ച് കണ്ടെത്തുക എന്നാണ്. ഈ ദിവ്യമായ സ്നേഹം എന്താണെന്നും ഇതിന്റെ യാഥാർത്ഥ്യം എന്താണെന്നും അതിന്റെ അർത്ഥതലങ്ങൾ എന്തൊക്കെയാണ് എന്നതിനെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുൾ ചെയ്യുന്നു. നിങ്ങൾ ഒരു കാര്യം മനസ്സിലാക്കിക്കൊള്ളുക. സ്നേഹത്തിൽ കൃത്രിമമായ ഒന്നുമില്ല. അത് മനുഷ്യന്റെ കഴിവുകളിൽപെട്ട ഒന്നാണ്. അതിന്റെ യാഥാർത്ഥ്യമിതാണ്. ഹൃദയം ഒന്നിനെ ഇഷ്ടപ്പെടുകയും അതിലേക്കാകർഷിക്കപ്പെടുകയും ചെയ്യുന്നു. ഒരു വസ്തുവിന്റെ സവിശേഷമായ ഗുണം അതിന്റെ പൂർണ്ണാവസ്ഥയിലാണ് വ്യക്തമായി മനസ്സിലാക്കാൻ സാധിക്കുക. ഇത്തന്നെയാണ് സ്നേഹത്തിന്റെയും അവസ്ഥ. അതിന്റെ മനോഹാരിത പൂർണ്ണമായ അവസ്ഥയിലാണ് പ്രകടമാകുന്നത്. സ്നേഹം അതിന്റെ ഉന്നതിയിലെത്തി പൂർണ്ണമാകുമ്പോൾ തൽഫലമായി പല സവിശേഷതകളും ഫലങ്ങളും വെളിച്ചത്ത് വരുന്നു. ഖുർആനിൽ ഇപ്രകാരം വരുന്നു

وَأُشْرِبُوا فِي قُلُوبِهِمُ الْعِجْلَ (2:94)

അതായത് അവരുടെ ഹൃദയങ്ങളിൽ പശുക്കുട്ടി(യോടുള്ള സ്നേഹം) നിലീനമാക്കപ്പെട്ടു.

വാസ്തവത്തിൽ ഒരാൾ പരിപൂർണ്ണമായി അതിൽ ലയിക്കുന്നു. അങ്ങനെ പ്രേമഭാജനത്തിന്റെ സ്വഭാവഗുണങ്ങളും അനക്കമടക്കങ്ങളും തന്നിലേക്ക് പകർത്തുന്നു. തന്റെ പ്രേമഭാജനത്തോടുള്ള സ്നേഹം എത്രകണ്ട് അധികരിക്കുന്നുവോ അത്രകണ്ട് അതിന്റെ ഗുണങ്ങളിൽ ആകൃഷ്ടനാകുന്നു.ഏത് വരെയെന്നാൽ താൻ സ്നേഹിക്കുന്നവന്റെ രൂപമായി മാറുന്നു. ഇത് തന്നെയാണ് അല്ലാഹുവിനെ സ്നേഹിക്കുന്നയാളുടെ പ്രവർത്തനങ്ങളുടെ രഹസ്യം.തനിക്ക് ലഭിച്ചിരിക്കുന്ന കഴിവുകൾ കൊണ്ട് അല്ലാഹുവിന്റെ അസ്ഥിത്വത്തിലുള്ള പ്രകാശത്തെ അവൻ കരഗതമാക്കുന്നു. എന്നാൽ ശൈത്താനെ സ്നേഹിക്കുന്നവൻ ശൈത്താന്റെ അന്ധകാരം പേറുന്നു.

മസീഹ് മൗഊദ് (അ) വീണ്ടും പറയുന്നു.

യഥാർത്ഥ സ്നേഹം നമ്മിൽ നിന്നാവശ്യപ്പെടുന്നത് മനുഷ്യൻ സത്യഹൃദയത്തോട് കൂടി തന്റെ പ്രേമഭാജനത്തിന്റെ സവിശേഷതകളും സ്വഭാവഗുണങ്ങളും ആരാധനകളും ഇഷ്ടപ്പെടുന്നവനായിരിക്കണം.അവനിൽ ലയിക്കാനായി ഹൃദയാത്മനാ പരിശ്രമിച്ചുകൊണ്ടിരിക്കേണ്ടതാണ്.തൽഫലമായി ഉണ്ടാകുന്ന ലയനത്തിലൂടെ പ്രേമഭാജനത്തിന്റെ അതേ യഥാർത്ഥ ജീവിതം ലഭിക്കുന്നതാണ്.സത്യസന്ധമായി സ്നേഹിക്കുന്നവൻ തന്റെ പ്രേമഭാജനത്തിൽ തന്നെ അലിഞ്ഞ് ഇല്ലാതെയാവുന്നു.തന്റെ പ്രേമഭാജനത്തിലൂടെ അവൻ തിരിച്ചറിയപ്പെടുന്നു. അവന്റെ ഹൃദയത്തിൽ പതിഞ്ഞിരിക്കുന്ന ചിത്രത്തിലേക്ക് അവൻ ആകർഷിക്കപ്പെടുന്നു.താൻ പ്രേമഭാജനത്തിന്റെ സ്നേഹത്തിൽ ലയിച്ചിരിക്കുന്നു എന്ന് അവൻ ജനങ്ങളെ ബോധിപ്പിക്കുന്നു.

മുഹബ്ബത്ത് എന്നത് അറബി പദമാണ്.ഇതിന്റെ ശരിയായ അർത്ഥം നിറയുക,പൂർത്തിയാവുക എന്നൊക്കെയാണ്. അറബിയിൽ ഒരു ചൊല്ല് പ്രസിദ്ധമാണ്. തഹബ്ബബൽ ഹിമാറു കഴുതയുടെ വയർ നിറഞ്ഞു എന്നതിന് അറബികൾ ഉപയോഗിക്കുന്നത് ഈ വാചകമാണ്.ഒട്ടകം വെള്ളം കുടിച്ച് വയർ നിറച്ചിരിക്കുന്നു എന്നതിന് ശരി അത്തിൽ ഇബ്ലു ഹത്താ തഹബ്ബബ എന്നാണ് പറയാറുള്ളത്.അറബിയിൽ ഹബ്ബ് എന്നാൽ വിത്ത് എന്നാണർത്ഥം. ഇതിന്റെ അർത്ഥവും മേൽ പറഞ്ഞത് പോലെയാണ്. അതായത് ആദ്യവിത്തിന്റെ എല്ലാ ഗുണങ്ങളുമടങ്ങിയത് എന്ന അർത്ഥം.

അല്ലാഹുവിനോടുള്ള യഥാർത്ഥ സ്നേഹത്തിന്റെ കാര്യത്തിൽ ഒരു വിശ്വാസിയെ സംബന്ധിച്ചേടത്തോളം അവന്റെ തൃപ്തി കരസ്ഥമാക്കാനായി തന്റെ എല്ലാം അവന് വേണ്ടി ബലിയർപ്പിക്കാനായി തയ്യാറാവേണ്ടതാണ്. പിന്നീട് സകല ശക്തികളുടെയും ഉടമസ്ഥനായ അല്ലാഹു തന്റെ ദാസന് വേണ്ടി എല്ലാം ചെയ്യുന്നതായി നമുക്ക് കാണാം.

അല്ലാഹു സൂറ ഹജ്ജിലെ 41-ാം മത്തെ വചനത്തിൽ ശക്തരായ സംഘത്തെക്കാൾ തന്റെ മഹാശക്തിയെക്കുറിച്ച് പറഞ്ഞ് കൊണ്ട് വിശ്വാസികളെ സമാശ്വസിപ്പിച്ചിരിക്കുകയാണ്. അക്രമം അതിന്റെ സീമകൾ താണ്ടിയപ്പോൾ തീർത്തും ബലഹീനരായ അവസ്ഥയിൽ അംഗബലം കുറവായിരിക്കെ യുദ്ധ സാമഗ്രികളൊന്നും ഇല്ലാത്ത അവസ്ഥയിൽ നിങ്ങൾ ഈ ശക്തരായ സംഘത്തോട് യുദ്ധം ചെയ്യുക. കാരണം അവർ ബഹുദൈവാരാധകർ മാത്രമല്ല. അക്രമത്തിലും അനീതിയിലും അതിർലംഘിച്ചിരിക്കുന്നു. മതങ്ങളുടെ നിലനിൽപ്പിന്റെ പ്രശ്നമാണിത്.ബഹുദൈവാരാധകർ ഒരു മതത്തെയും വകവെയ്ക്കാതെ അനീതി ചെയ്തുകൊണ്ടിരിക്കുന്നു.

പറയുന്നു الَّذِينَ أُخْرِجُوا مِن دِيَارِهِم بِغَيْرِ حَقٍّ إِلَّا أَن يَقُولُوا رَبُّنَا اللَّهُ ۗ وَلَوْلَا دَفْعُ اللَّهِ النَّاسَ بَعْضَهُم بِبَعْضٍ لَّهُدِّمَتْ صَوَامِعُ وَبِيَعٌ وَصَلَوَاتٌ وَمَسَاجِدُ يُذْكَرُ فِيهَا اسْمُ اللَّهِ كَثِيرًا ۗ وَلَيَنصُرَنَّ اللَّهُ مَن يَنصُرُهُ ۗ إِنَّ اللَّهَ لَقَوِيٌّ عَزِيزٌ (22:41)

ഞങ്ങളുടെ നാഥൻ അല്ലാഹുവാണ്. എന്നവർ പറയുന്നതൊഴിച്ച് (മറ്റൊരു കാരണവും ഇല്ലാതെ ) അന്യായമായി തങ്ങളുടെ ഭവനങ്ങളിൽ നിന്ന് ബഹിഷ്കരിക്കപ്പെട്ടവരാണ് അവർ. മനുഷ്യരിൽ ചിലർക്ക് മറ്റു ചിലരിൽ നിന്നുള്ള അക്രമത്തിൽ നിന്ന് സ്വയം രക്ഷിക്കുന്നതിന് അല്ലാഹു അനുമതി നൽകിയില്ലായിരുന്നുവെങ്കിൽ സന്യാസിമഠങ്ങളും ക്രിസ്തീയ ദേവാലയങ്ങളും ജൂതപള്ളികളും മുസ്ലിം പള്ളികളും എല്ലാം തകർക്കപ്പെടുമായിരുന്നു. അവയിൽ വെച്ച്

ധാരാളമായി അല്ലാഹുവിന്റെ നാമം അനുസ്മരിക്കപ്പെടുന്നു. തന്നെ സഹായിക്കുന്നവരെ അല്ലാഹു സഹായിക്കുക തന്നെ ചെയ്യും. തീർച്ചയായും അല്ലാഹു മഹാശക്തനും പ്രതാപവാനുമാകുന്നു.

സമാധാനസ്ഥാപനത്തിനായി അനീതിക്കെതിരെ ശബ്ദമുയർത്താൻ അല്ലാഹു അനുവാദം നൽകി അതായത്. കൽപിക്കപ്പെട്ട പ്രകാരം നിങ്ങൾ പ്രവർത്തിച്ചാൽ അല്ലാഹുവിന്റെ സഹായം നിങ്ങളോടൊപ്പമുണ്ടാകും. ഇവിടെ മനസ്സിലാക്കേണ്ടുന്ന ഒരു കാര്യം യുദ്ധം അടിച്ചേൽപ്പിച്ചപ്പോൾ അത് പ്രതിരോധിക്കാനുള്ള അനുവാദം അല്ലാഹു നൽകി. എന്നാൽ സ്വന്തം മതത്തെ മാത്രമല്ല രക്ഷപ്പെടുത്തേണ്ടത്. മറ്റ് മതങ്ങളേയും കൂടിയാണ്. മുസ്‌ലിംകളുടെ ഒരു വാദം നിർബന്ധമായി ആരേയും മതപരിവർത്തനം നടത്തില്ല എന്നാണല്ലോ. നിർബന്ധമായ മതപരിവർത്തനം ഇസ്‌ലാമികഅദ്ധ്യാപനങ്ങൾക്ക് വിരുദ്ധമാണ്. അത് ലോകത്ത് സമാധാനഭംഗമുണ്ടാക്കുന്ന പ്രവൃത്തിയാണ്. സന്മാർഗ്ഗത്തിലേക്ക് കൊണ്ടുവരികയോ കൊണ്ട് വരാതിരിക്കുകയോ എന്നത് അല്ലാഹുവിന്റെ കൈകളിലാണ്. സ്നേഹത്തോടും മര്യാദയോടും യുക്തിയോടും കൂടി ഒരു മുസ്‌ലിം തബ്‌ലീഗ് എന്ന കടമ നിർവ്വഹിക്കേണ്ടതുണ്ട്. അത് ആവശ്യമായതാണ്. മൂന്നാമതായി മതയുദ്ധങ്ങളിൽ സത്യാധിഷ്ഠിതമായി പ്രവർത്തിക്കുന്നവരോടൊപ്പം അല്ലാഹുവുണ്ടാകും എന്നാണ്. ആരംഭകാലഘട്ടങ്ങളിൽ റസൂൽ തിരുമേനി (സ) ക്കെതിരിൽ നടന്ന അക്രമങ്ങൾ അതിർലംഘിച്ചവയായിരുന്നു. മർദ്ദനങ്ങൾ അങ്ങേയറ്റമെത്തിയിരുന്നു. മക്കയിലെ മുസ്‌ലിംകളുടെ ഈ ദുരവസ്ഥയിൽ നിന്ന് കാര്യങ്ങൾ മനസ്സിലാക്കാമായിരുന്നു. ഹിജ്‌റത്തിന് ശേഷമാണ് മതയുദ്ധങ്ങൾ നടന്നത്. എന്നാൽ അല്ലാഹു തന്റെ വാഗ്ദാനപ്രകാരം താൻ മഹാശക്തനാണ് എന്ന് തെളിയിച്ചു കാണിക്കുകയുണ്ടായി. യുദ്ധ സാമഗ്രികളൊന്നുമില്ലാതെ അംഗബലവും യുദ്ധനുഭവങ്ങളുമില്ലാത്തവരായിട്ടും മുസ്‌ലിംകളോട് യുദ്ധം ചെയ്യാൻ അല്ലാഹു കൽപിച്ചു. അല്ലാഹു തന്റെ മലക്കുകളെ സഹായത്തിനായി അയച്ചു. ഇതിൽ നിന്നും പ്രകടമാകുന്ന മറ്റൊരു കാര്യം അല്ലാഹു യുദ്ധാനുമതി നൽകിയത് പ്രതിരോധിക്കുക എന്ന നിലയിൽ മാത്രമായിരുന്നു. അത് സമാധാന സ്ഥാപനത്തിന് വേണ്ടിയായിരുന്നു. ജിഹാദ് എന്നാൽ മതത്തിനെതിരെ പ്രവർത്തിക്കുന്നവർക്കെതിരിൽ നടത്തുന്ന യുദ്ധങ്ങളാണ്. എന്നാൽ മറ്റ് യുദ്ധങ്ങൾ അത് മുസ്‌ലിം രാജ്യങ്ങൾ തമ്മിലാണെങ്കിലും അമുസ്‌ലിംകൾക്കെതിരാണെങ്കിലും അത് രാഷ്ട്രീയവും സാമുദായികവുമായ യുദ്ധങ്ങളാണ്. ഇത് ജിഹാദല്ല. അല്ലാഹു വീണ്ടും താനാണ് സർവ്വശക്തൻ എന്നറിയിച്ചു കൊണ്ട് പറയുന്നു. മതത്തെ അക്രമിക്കുന്നവർക്കെതിരെ മതാനുയായികളെ ഞാൻ സഹായിക്കുന്നതാണ്. എന്തെന്നാൽ ഇപ്പോൾ അവസാനത്തേതും പരിപൂർണ്ണവുമായ മതം ഇസ്‌ലാമാണ്. അതുകൊണ്ട് തന്നെ മുസ്‌ലിംകളെ സഹായിക്കുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു.

إِنَّ اللَّهَ لَقَوِيٌّ عَزِيزٌ (22:41)

എന്ന് പറഞ്ഞുകൊണ്ട് താൻ മഹാശക്തനും പ്രതാപശാലിയുമാണെന്ന് അല്ലാഹു അറിയിക്കുന്നു. അതായത് മതയുദ്ധങ്ങളിൽ തീർച്ചയായും അല്ലാഹു മുസ്‌ലിംകളെ സഹായിക്കും എന്ന് വാസ്തവം. എന്നാൽ ഈയിടെയായി നടന്ന് കൊണ്ടിരിക്കുന്ന അക്രമങ്ങളും മറ്റ് പ്രശ്നങ്ങളും മുസ്‌ലിംകൾക്ക് അപമാനമാണ് വരുത്തിവെച്ചിട്ടുള്ളത്. നാം മനസ്സിലാക്കേണ്ടത് ഇത്തരം യുദ്ധങ്ങൾ ജിഹാദല്ല എന്നാണ്. അതുകൊണ്ട് തന്നെ അല്ലാഹുവിന്റെ ഭാഗത്ത് നിന്ന് യാതൊരു വിധ സഹായ സഹകരണങ്ങളും ഇവർക്കില്ല. ഈ മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം വാളും പീരങ്കികളും പിടിക്കുന്നതിന് പകരം തങ്ങളുടെ വിശ്വാസത്തിലും പ്രവർത്തനങ്ങളിലും സംസ്കരണം നടത്താനായി പരിശ്രമിക്കേണ്ടിയിരിക്കുന്നു. അല്ലാഹുവിന്റെ സവിധത്തിൽ തങ്ങളുടെ സംസ്കരണത്തിനായി വിലപിക്കേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ വാളുകളും പീരങ്കികളുമില്ലാതെ ജനങ്ങളെ തങ്ങളിലേക്കടുപ്പിക്കാൻ സാധിക്കുകയുള്ളൂ. ഇതരമുസ്‌ലിംകൾക്കുള്ള മറ്റൊരു കൽപന മറ്റ് മതങ്ങളുടെ മേൽ തേർവാഴ്ച നടത്താനോ ശക്തി പ്രയോഗിക്കാനോ നിങ്ങൾക്ക് അനുവാദമില്ല എന്ന് അല്ലാഹു അറിയിച്ചിരിക്കുന്നു. ഇന്നത്തെ ഈ കാലഘട്ടത്തിൽ ഹദ്‌റത്ത് മസീഹ് മൗഊദ് (അ) ന്റെ അദ്ധ്യാപനങ്ങൾ മാത്രമാണ് ഖുർആനിക അദ്ധ്യാപനങ്ങൾക്ക് അനുസൃതമായിട്ടുള്ളത്. നമുക്ക് വഴികാട്ടിയായിട്ടുള്ളതും ഇവയാണ്. അതിനനുസരിച്ച് പ്രവർത്തിക്കുക. പിന്നീട് സർവ്വ ശക്തനായ അല്ലാഹു എങ്ങനെയാണ് തന്റെ കരങ്ങളാൽ അത്ഭുതങ്ങൾ കാണിക്കുന്നതെന്നും എന്തൊക്കെ കാഴ്ചകളാണ് കാണുന്നതെന്നും നോക്കുക.

ഹദ്‌റത്ത് മസീഹ് മൗഊദ് (അ) ഇസ്‌ലാമിന്റെ ആരംഭകാലഘട്ടത്തെക്കുറിച്ചും മുസ്‌ലിംകൾക്ക് മേൽ ചെയ്ത അക്രമങ്ങളെക്കുറിച്ചും ജിഹാദിനുള്ള അനുവാദത്തെക്കുറിച്ചും അല്ലാഹുവിന്റെ സഹായഹസ്തങ്ങളെക്കുറിച്ചും ഒരു സ്ഥലത്ത് പരാമർശിക്കുന്നുണ്ട്. അതിപ്രകാരമാണ്.

ആരംഭകാലഘട്ടത്തിൽ മുസ്‌ലിംകൾ അംഗബലത്തിൽ വളരെ കുറവായിരുന്നു. എന്നാൽ അവരുടെ എതിരാളികൾ സമ്പത്ത് കൊണ്ടും അംഗബലംകൊണ്ടും അഭിമാനത്തിലും പദവികളിലും ഇതര സംഘങ്ങളിൽ നിന്ന് വ്യത്യസ്ഥരായപ്പോഴുണ്ടായ അഹങ്കാരം കൊണ്ട് സഹാബാക്കളെ കഠിനമായി എതിർത്തു. ആകാശവുമായി ബന്ധപ്പെട്ട ഈ ചെടി ഭൂമിയിൽ വളരാൻ അവർ ആഗ്രഹിച്ചില്ല. സഹാബാക്കളുടെ സത്യാത്മസംഘത്തെ പരാജയപ്പെടുത്താൻ അവർ പരമാവധി ശ്രമിച്ചു. എല്ലാ വിധത്തിലും ശ്രമങ്ങൾ നടത്തി. ശത്രുക്കൾക്കുണ്ടായിരുന്ന ഭയം ഈ പ്രസ്ഥാനം വേരുപിടിച്ചാൽ അത് തങ്ങളുടെ നിലനിൽപ്പിന് വിലങ്ങ് തടിയാകും എന്നായിരുന്നു. ഇക്കാരണം കൊണ്ടുള്ള ഭയമാണ് അവരെ ക്രൂരമായ പീഢനങ്ങൾക്കും മറ്റും പ്രേരിപ്പിച്ചത്. അവർ വളരെ വേദനാജനകമായ നിലയിൽ മുസ്‌ലിംകളെ ഇല്ലായ്മ ചെയ്യാൻ തുടങ്ങി. നീണ്ട 13 വർഷക്കാലം ഇതേ ക്രൂരമായ അവസ്ഥ നിലനിന്നു പോന്നു. ഒരു വിധത്തിലും കാരുണ്യമർഹിക്കാതെ ദൈവാനുസാരികൾ അതിക്രമകാരികളുടെ വാളുകളാൽ തുണ്ടം തുണ്ടമാക്കപ്പെട്ടു. അനാഥക്കുട്ടികളും പാവപ്പെട്ട സ്ത്രീകളും തെരുവോരങ്ങളിൽ അറുക്കപ്പെട്ടു. ഈയവസരത്തിലും അല്ലാഹു മുസ്‌ലിംകൾക്ക് നൽകിയ താക്കീത് ഈ ഉപദ്രവങ്ങൾക്ക് അതേ രീതിയിൽ മറുപടി നൽകരുതെന്നായിരുന്നു. തെരഞ്ഞെടുക്കപ്പെട്ട ആ സത്യാത്മാക്കൾ അപ്രകാരം തന്നെ പ്രവർത്തിച്ചു. അവരുടെ രക്തത്താൽ വഴിയോരങ്ങൾ കുതിർന്നു. ബലിമൃഗങ്ങളെപ്പോലെ അവർ അറുക്കപ്പെട്ടു. പക്ഷെ ഒരുവിധ ശബ്ദവും അവർ പുറപ്പെടുവിച്ചില്ല. അല്ലാഹുവിന്റെ പരിശുദ്ധനായ ആകാശ ഭൂമികളിൽ നിന്ന് സലാം വർഷിക്കപ്പെട്ട റസൂൽ (സ) യെ കല്ലെറിഞ്ഞ് രക്തമൊഴുക്കി. ഈ ഘട്ടത്തിലും സത്യത്തിന്റെയും സ്ഥിരതയുടെയും പർവ്വതമായി മാറിയ അങ്ങ് എല്ലാ വേദനകളും സഹിച്ചു. എന്നാൽ ഈ വിനയഭാവങ്ങളാൽ എതിരാളികളുടെ അഹങ്കാരവും പീഢനങ്ങളും നാൾക്കുനാൾ വർദ്ധിച്ചു. അക്രമങ്ങളുടെ എല്ലാ സീമകളും ലംഘിക്കപ്പെട്ടപ്പോൾ അല്ലാഹു തന്റെ ദാസരെ

ഓർക്കുകയും തന്റെ കോപത്തെ എതിരാളികൾക്ക് കാണിച്ചുകൊടുക്കുകയും ചെയ്തു. തന്റെ പരിശുദ്ധ ഗ്രന്ഥമായ ഖുർആൻ മുഖേന അറിയിച്ചു. അതായത് നിങ്ങൾക്കെതിരിൽ നടക്കുന്ന എല്ലാം ഞാൻ വീക്ഷിക്കുന്നുണ്ട്. ഇന്ന് ഇവരെ പ്രതിരോധിക്കാനായി നിങ്ങൾക്ക് അനുവാദം നൽകിയിരിക്കുന്നു. ഞാൻ മഹാശക്തനായ അല്ലാഹുവാകുന്നു. അക്രമികൾക്ക് ശിക്ഷ നൽകാതെ വിടില്ല. ഈ കൽപനയാണ് മറ്റൊരു രീതിയിൽ പറഞ്ഞാൽ ജിഹാദ് എന്ന പേരിൽ അറിയപ്പെട്ടത്. ഈ കൽപനയുടെ യഥാർത്ഥ രൂപം ഖുർആനിൽ ഇന്നും നിലനിൽക്കുന്നു. أُذِنَ لِلَّذِينَ يُقَاتَلُونَ بِأَنَّهُمْ ظُلِمُوا ۚ

وَإِنَّ اللَّهَ عَلَىٰ نَصْرِهِمْ لَقَدِيرٌ ﴿٤٠﴾

الَّذِينَ أُخْرِجُوا مِن دِيَارِهِم بِغَيْرِ حَقٍّ (22: 40 -41)

യുദ്ധം ചെയ്യപ്പെടുന്നവർക്ക് തിരിച്ച് യുദ്ധം ചെയ്യാൻ അനുമതി നൽകപ്പെട്ടിരിക്കുന്നു. എന്തെന്നാൽ അവർ അക്രമിക്കപ്പെട്ടിരിക്കുകയാണ്. തീർച്ചയായും അല്ലാഹു അവരെ സഹായിക്കാൻ കഴിവുള്ളവനാകുന്നു. അന്യായമായി തങ്ങളുടെ ഭവനങ്ങളിൽനിന്ന് ബഹിഷ്കരിക്കപ്പെട്ടവരാണവർ

ഈ കൽപന താൽക്കാലികമായിരുന്നു. എക്കാലത്തേക്കുമുള്ളതല്ല. ആ കാലഘട്ടത്തിന് മാത്രം. മുസ്‌ലിംകൾ ആടുകളെപ്പോലെ അറുക്കപ്പെട്ട ആ കാലഘട്ടത്തിന് മാത്രമുള്ള കൽപന. അല്ലാഹു എല്ലാവരെക്കാളും ശക്തനും പ്രബലനുമാണ്. അവന്റെ കോപം മർദ്ദിതർക്ക് വേണ്ടി ജ്വലിച്ചു എന്ന് എല്ലാവർക്കുമറിയാം. മക്കയിലെ തീയിൽ കിടത്തപ്പെട്ട ആ മർദ്ദിതരെ ശത്രുക്കൾ നഗ്നമായ ശരീരത്തിൽ ചാട്ടവാറ് കൊണ്ട് അടിക്കുമായിരുന്നു. ശരീരംതന്നെ കീറി മുറിക്കുമായിരുന്നു. ആ സാഹചര്യത്തിൽ സർവ്വ ശക്തനായ അല്ലാഹുവിന്റെ സഹായത്താൽ അവർ മർദ്ദനങ്ങളിൽ നിന്ന് മാത്രമല്ല രക്ഷപ്പെട്ടത് കൈസറിന്റെയും കിസ്റയുടെയും ഭരണാധിപന്മാരായി അവർ മാറി. ഇതാണ് മഹാശക്തനായ അല്ലാഹുവിന്റെ മഹത്വം.

ഞാൻ നേരത്തെ പറഞ്ഞതുപോലെ അല്ലാഹു ഖവിയ്യ് (പ്രബലൻ) ആണെന്ന കാര്യം പല വചനങ്ങളിലായി പറഞ്ഞിട്ടുണ്ട്. ഏകദേശം എല്ലാ ഭാഗങ്ങളിലും അല്ലാഹുവിന്റെയും നബിമാരുടെയും എതിരാളികളുടെ മോശമായ പര്യവസാനത്തെക്കുറിച്ചാണ് പറഞ്ഞിട്ടുള്ളത്. ചിലത് ഉപദേശങ്ങളാണ്. ഇതുമായി ബന്ധപ്പെട്ട രണ്ട് വചനങ്ങൾ ഞാൻ കേൾപ്പിച്ചു. എന്നാൽ ഭാവിയിലേക്കുള്ള സന്തോഷവാർത്തയും ഇതിലുണ്ട്. അതായത് അല്ലാഹുവും അവന്റെ റസൂൽ (സ)യും ഭാവിയിലും വിജയിക്കുക തന്നെ ചെയ്യും. സൂറ മുജാദലയിൽ അല്ലാഹു പറയുന്നു.

كَتَبَ اللَّهُ لَأَغْلِبَنَّ أَنَا وَرُسُلِي ۚ إِنَّ اللَّهَ

قَوِيٌّ عَزِيزٌ ﴿٢٢﴾ (58.22)

ഞാനും എന്റെ ദൂതന്മാരും വിജയിക്കുക തന്നെ ചെയ്യുമെന്ന് അല്ലാഹു വിധിയെഴുതിയിരിക്കുന്നു. തീർച്ചയായും അല്ലാഹു പ്രബലനും പ്രതാപവാനുമാകുന്നു.

ഇത് ഒരു ചരിത്ര സത്യമാണ്. സത്യം എപ്പോഴും വിജയിക്കുക തന്നെ ചെയ്യും. നബിമാരുടെ എതിരാളികൾ എപ്പോഴും തങ്ങളുടെ മോശമായ പര്യവസാനത്തിലെത്തും. മുസ്‌ലിംകൾ യഥാർത്ഥ ഇസ്‌ലാമിക അധ്യാപനങ്ങളുടെ ധ്വജവാഹകരായിരുന്ന കാലം വരെ അതിനനുസൃതമായ പ്രവർത്തനനിരതരായിരുന്നത് വരെ വിജയങ്ങൾ അവരുടെ പാദങ്ങളിൽ മുത്തമിട്ടുകൊണ്ടിരുന്നു. എന്നാൽ പിന്നീട് ദീനും ഇസ്‌ലാമും ഇല്ലാതായപ്പോൾ പിന്നെ സ്വന്തം ഭരണകൂടങ്ങളെ രക്ഷപ്പെടുത്താനുള്ള തത്രപ്പാടിലായി. മുസ്‌ലിംകളുടെ ഇന്നത്തെ അവസ്ഥയെക്കുറിച്ച് പറയുമ്പോൾ അവർ വലിയ പ്രതാപത്തോടെ ജീവിച്ചു വരുന്നു എന്ന് ഒരിക്കലും പറയാൻ സാധ്യമല്ല. അങ്ങനെയൊരു പ്രതാപമുണ്ടായിരുന്നുവെങ്കിൽ പലരും അസൂയയോടെ നോക്കിക്കാണുമായിരുന്നു. ചില മുസ്‌ലിം രാജ്യങ്ങൾ സമ്പന്നതയുടെ കാര്യത്തിൽ വളരെ മുന്നിലാണ്. അതിലും മറ്റുള്ളവർ അസൂയപ്പെടാറുണ്ടെങ്കിലും ഈ മുസ്‌ലിം സമ്പന്നരാഷ്ട്രങ്ങൾ പോലും തങ്ങളുടെ നിലനിൽപിന്നായി അമുസ്‌ലിംകളെയാണ് സമീപിക്കുന്നത്. ഈയവസരത്തിൽ മുസ്‌ലിംകളിൽ യാതൊരു പ്രതാപവും മഹിമയും കാണാൻ സാധിക്കുന്നില്ല. എന്നാൽ ഇസ്‌ലാമിന്റെ കാര്യത്തിൽ വേദനിക്കുന്നവർക്ക് വീഴ്ചയും അപമാനവും കാണാൻ സാധിക്കുന്നതാണ്. അതുകൊണ്ട് അല്ലാഹുവിന്റെ വിജയവാഗ്ദാനങ്ങൾ നഊദുബില്ലാഹ് തെറ്റായിപ്പോയോ? അതോ വിജയത്തിന്റെ നാളുകൾ കഴിഞ്ഞ് കടന്നുവോ? അത് ക്ലിപ്തമായ കാലത്തേക്ക് മാത്രമായിരുന്നുവോ അതോ അല്ലാഹുവിന്റെ ഖവിയ്യ് (പ്രബലൻ) എന്ന ഗുണനാമത്തിന് എന്തെങ്കിലും കുറവ് സംഭവിച്ചിരിക്കു ന്നുവോ? ഇല്ല. ഇതെല്ലാം തെറ്റാണ്. അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ സത്യമാണ്. പുനരുത്ഥാനനാൾ വരെ നിലനിൽക്കുന്ന ഇസ്‌ലാമിനെക്കുറിച്ചുള്ള പുരോഗതിയുടെ പ്രവചനങ്ങളും സത്യമാണ്. അല്ലാഹുവിന്റെ എല്ലാ ഗുണനാമങ്ങളെയും പോലെ ഖവിയ്യ് എന്ന ഗുണനാമവും എപ്പോഴും നിലനിൽക്കുന്നതാണ്. അത് നിലനിൽക്കുക തന്നെ ചെയ്യും.

ഖവിയ്യ് എന്ന ഗുണനാമത്തിലൂടെ ഇസ്‌ലാമിന്റെ വിജയം കാണിക്കാൻ അല്ലാഹു ഈ കാലഘട്ടത്തിന്റെ ഇമാമായി മസീഹ് മൗഊദ്(അ) നെ നിയോഗിച്ചയച്ചു. അദ്ദേഹത്തിന് ദിവ്യവെളിപാടായി അല്ലാഹു അറിയിച്ചു. كَتَبَ اللَّهُ لَأَغْلِبَنَّ أَنَا وَرُسُلِي ۚ إِنَّ اللَّهَ

قَوِيٌّ عَزِيزٌ ﴿٢٢﴾ (58.22)

അതായത് ഇസ്‌ലാമിന്റെ പ്രകാശം വീണ്ടും ഈ ലോകത്ത് വ്യാപിക്കുമെന്നും ദീൻ കെട്ടുറപ്പോടെ നിലനിൽക്കുമെന്നും സാരം. ഖവിയ്യായ (പ്രബലൻ) അല്ലാഹുവിന്റെ സഹായവും വെളിപ്പെട്ടുകൊണ്ടിരുന്നു. അത് പല വെളിപാടുകളിലായി മസീഹ് മൗഊദ് (അ) നെ അറിയിച്ചുകൊണ്ടിരുന്നു.

മസീഹ് മൗഊദ് (അ) നെ അഭിസംബോധന ചെയ്തുകൊണ്ട് അല്ലാഹു അറിയിച്ചു. قُوَّةُ الرَّحْمٰنِ لِعُبَيْدِ اللّٰهِ الصَّمَدْ

(الہام حضرت مسیح موعود علیہ السلام)

സ്വാശ്രയനായ അല്ലാഹു തന്റെ ശക്തിയെ തന്റെ ദാസരിൽ പ്രകടമാക്കുന്നു. പറയുന്നു اِنَّهٗ لَقَوِیٌّ عَزِیْزٌ

മറ്റൊരു സ്ഥലത്ത് പറയുന്നു

اِنَّ رَبِّیْ قَوِیٌّ قَدِیْرٌ اِنَّهٗ لَقَوِیٌّ عَزِیْزٌ

മറ്റൊരു വെളിപാട് ഇപ്രകാരമാണ്

ഞാനെന്റെ മിന്നലാട്ടം നിന്നിൽ ദൃശ്യമാക്കും. എന്റെ ദിവ്യശക്തിയാൽ നിന്നെ ഉയർത്തും. ലോകത്ത് ഒരു താക്കീതുകാരൻ വന്നു. എന്നാൽ ലോകർ അദ്ദേഹത്തെ സ്വീകരിച്ചില്ല. എന്നാൽ അല്ലാഹു അദ്ദേഹത്തെ സ്വീകരിക്കുകയും അദ്ദേഹത്തിന്റെ സത്യതയെ ശക്തിമത്തായ ആക്രമണങ്ങളോടുകൂടി വെളിപ്പെടുത്തുകയും ചെയ്യുന്നതാണ്.

മറ്റൊരു ഇൽഹാം ഇപ്രകാരമാണ്,

اَلْفِتْنَةُ هٰهُنَا فَاصْبِرْ كَمَا صَبَرَ اُولُو الْعَزْمْ

(الہام حضرت مسیح موعود علیہ السلام)

ഇവിടെ കുഴപ്പങ്ങളുണ്ട്. ദൃഢനിശ്ചയത്തോടുകൂടി സഹനം കൈകൊള്ളുക

فَلَمَّا تَجَلّٰى رَبُّهٗ لِلْجَبَلِ جَعَلَهٗ دَكًّا

(الاعراف ایت 144)

അദ്ദേഹത്തിന്റെ നാഥൻ മലയിലേക്ക് തന്റെ ജോതിസ്സ് വെളിപ്പെടുത്തിയപ്പോൾ, അവൻ അതിനെ തുണ്ടുതുണ്ടാക്കിക്കളഞ്ഞു.

قُوَّةُ الرَّحْمٰنِ لِعُبَيْدِ اللّٰهِ الصَّمَدْ

مَقَامٌ لَا تُتْرَكُ الْعَبْدُ فِيْهِ رِدَائِهِ الْاَعْمَال

ഈ പദവി അല്ലാഹുവിന്റെ പ്രത്യേക വരദാനമാണ്. ദാസൻ അല്ലാഹുവിലേക്കടുക്കുമ്പോഴാണ് പ്രത്യേക ദാനം ലഭിക്കുന്നത്. അത് സ്വന്തം പ്രയത്നത്താൽ ഒരിക്കലും ലഭ്യമാകുന്നതല്ല. ഇങ്ങനെയാണ് അല്ലാഹുവിനും ദാസനും തമ്മിലുള്ള ബന്ധം പ്രകടമാകുന്നത്. അത് അല്ലാഹുവിന്റെ വരദാനമാണ്.

മസീഹ് മൗഊദ് (അ) അരുൾ ചെയ്യുന്നു. "അല്ലാഹു എന്നെ ഒരു സന്തോഷവാർത്ത അറിയിച്ചുകൊണ്ട് പറഞ്ഞു. പല ഉന്നതന്മാരും ഈ സംഘത്തിൽ ചേരുന്നതായിരിക്കും."

എന്നോട് പറഞ്ഞു. "രാജാക്കന്മാർ പോലും നിന്റെ വസ്ത്രങ്ങളിൽ നിന്ന് അനു ഗ്രഹം തേടുമാറ് നാം നിനക്ക് അനുഗ്രഹം ചൊരിയുന്നതാണ്. അനു ഗ്രഹം തേടുന്നവർ നിന്റെ ബൈഅത്തിൽ പ്രവേശിക്കുന്നവരായിരിക്കും. അവരുടെ പ്രവേശനത്തോടെ രാജാധികാരം ഈ സമൂഹത്തിലാകും. രാജാക്കന്മാരുടെ പ്രവേശനത്തോടെ പല സമൂഹങ്ങളും ഇതിലേക്ക് വരും, പിന്നീട് ഒരു ദർശനത്തിൽ കുതിര സവാരി ചെയ്തുകൊണ്ടിരിക്കുന്ന ആറോ ഏഴോ രാജാക്കന്മാരെ കാണിക്കപ്പെട്ടു. ഇക്കാര്യങ്ങൾ സന്തോഷിപ്പിക്കാനായി പറയുന്നതല്ല. മഹാശക്തനായ അല്ലാഹുവിന്റെ വാഗ്ദാനങ്ങളാണിത്. തന്റെ ദൂതന്മാരോട് ചെയ്ത എല്ലാ വാഗ്ദാനങ്ങളും അവൻ പൂർത്തിയാക്കി. ഇന്നുവരെ അറ്റമില്ലാതെ അളവില്ലാതെ വാഗ്ദാനങ്ങൾ പൂർത്തീകരിക്കപ്പെടുന്നതായി നാം കാണുന്നു. പല മുസ്‌ലിം രാജ്യങ്ങളും നമ്മോട് ചെയ്യുന്ന അതിക്രമങ്ങൾ സംസാരത്തിനിടയാക്കുന്നു. നമ്മുടെ സ്വന്തം രാജ്യം പാക്കിസ്ഥാനിലും നമുക്കെതിരിൽ അക്രമം നടന്നു വരുന്നു. എന്നാൽ സർവ്വശക്തനായ അല്ലാഹുവിന്റെ വിധി നടപ്പിലാവുക തന്നെ ചെയ്യുന്നു.

മസീഹ് മൗഊദ് (അ) അരുൾ ചെയ്യുന്നു.

"ഇത് അല്ലാഹുവിന്റെ സനാതന നിയമമാകുന്നു. അവൻ മനുഷ്യനെ ഈ ഭൂമിയിൽ സൃഷ്ടിച്ചതു മുതൽക്കേ പ്രവാചകന്മാരെ സഹായിക്കുന്നതിനും അവർക്ക് വിജയം നൽകുന്നതിനും വേണ്ടി ഈ നിയമത്തെ സദാ പ്രകടമാക്കിക്കൊണ്ടിരിക്കുന്നു. അല്ലാഹു പറയുന്നു.

كَتَبَ اللّٰهُ لَاَغْلِبَنَّ اَنَا وَرُسُلِيْ ۭ اِنَّ اللّٰهَ قَوِيٌّ عَزِيْزٌ ۝ (58.22)

വിജയം കൊണ്ട് ഉദ്ദേശിക്കുന്നത് ഇതാണ്. പ്രവാചകന്മാരുടെ ആഗ്രഹമനുസരിച്ച് മറ്റാരാലും കിടപിടിക്കാൻ കഴിയാത്തവിധം അല്ലാഹുവിന്റെ തെളിവുകൾ ഭൂമിയിൽ പൂർത്തിയാവുക എന്നതാണ്. ഇപ്രകാരം അല്ലാഹു അവരുടെ സത്യത ലോകത്ത് ശക്തമായ ദൃഷ്ടാന്തങ്ങൾ മുഖേന വെളിപ്പെടുത്തുന്നു. ഏതൊരു സന്മാർഗ്ഗത്തെയാണോ അവൻ ലോകത്ത് പ്രചരിപ്പിക്കുവാൻ ആഗ്രഹിക്കുന്നത് അതിന്റെ ബീജാവാപം അവരുടെ കരങ്ങളാൽ ചെയ്യിക്കുന്നു. എന്നാൽ ഇതിന്റെ പൂർത്തീകരണം അവരുടെ കരങ്ങളാൽ നിർവ്വഹിക്കപ്പെടുന്നില്ല. മറിച്ച് ഈ പ്രസ്ഥാനം ബാഹ്യമായി പരാജയപ്പെടുമെന്ന ഭയം നിലനിൽക്കെ അവൻ പ്രവാചകന്മാർക്ക് മരണം നൽകുന്നു. ഇതിലൂടെ എതിരാളികൾക്ക് പരിഹാസകുത്തുവാക്കുകളും നിന്ദാവചനങ്ങളും ചൊരിയാൻ അവൻ അവസരം നൽകുന്നു. എന്നാൽ അവരുടെ പരിഹാസങ്ങൾക്ക് ശേഷം അവൻ തന്റെ ശക്തിയുടെ മറ്റൊരു കരം പ്രത്യക്ഷപ്പെടുത്തുന്നു. തന്നിമിത്തം അപൂർണ്ണതയിൽ കിടന്നിരുന്ന ലക്ഷ്യങ്ങൾ പരിപൂർണ്ണത പ്രാപിക്കുന്നതിന്‌വേണ്ട സാമഗ്രികൾ സൃഷ്ടിക്കപ്പെടുന്നു."

ഈ ദ്വിതീയശക്തി പ്രഭാവത്തിൽ അല്ലാഹുവുമായുള്ള നമ്മുടെ ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് വിജയം പെട്ടെന്ന് നമുക്ക് ദർശിക്കാൻ സാധിക്കുക. അത് അവനോടും അവന്റെ നബി (സ) യോടുള്ള സ്നേഹംകൊണ്ടും അവന്റെ സൃഷ്ടികളോട് ചെയ്യേണ്ടുന്ന കടമകളിലൂടെയുമാണ്.

മസീഹ് മൗഊദ് (അ) വീണ്ടും അരുൾ ചെയ്യുന്നു.

مَنْ كَانَ لِلّٰهِ كَانَ اللّٰهُ لَهٗ

അല്ലാഹു സത്യസന്ധന്മാരോട് ധിക്കാരപരമായി പെരുമാറുന്നില്ല. ലോകം മുഴുവനും അവരെ എതിർത്താലും ശരി. എതിർപ്പിലൂടെ ഒരു തടസ്സവുമുണ്ടാക്കാൻ സാദ്ധ്യമല്ല. അല്ലാഹു സർവ്വശക്തനാണ്. മനുഷ്യൻ തന്റെ വിശ്വാസത്തിന്റെ ബലത്താൽ അവന്റെ സംരക്ഷണതിന് കീഴിൽ വരുന്നു. അവന്റെ ദിവ്യശക്തിയുടെ മഹിമാവിലാസങ്ങൾ അവൻ കാണുന്നു. പിന്നീട് അവന് ഒരു അപമാനവും ഉണ്ടാകുന്നതല്ല. ഓർമ്മിച്ചുകൊള്ളുക. അല്ലാഹു അത്യുന്നതനാണ്. തന്റെ കൽപ്പനകളെ അതിജയിക്കുന്നവനാണവൻ. അതിനാൽ സത്യഹൃദയത്തോട്കൂടി നമസ്ക്കരിക്കുക, ദുആകളിൽ മുഴുകുക. നിങ്ങളുടെ എല്ലാ ബന്ധുക്കളേയും പ്രിയപ്പെട്ടവരേയും ഇക്കാര്യം അറിയിക്കുക. പൂർണ്ണമായി അല്ലാഹുവിൽ ലയിക്കുന്നവന് ഒരു നഷ്ടവുമുണ്ടാകുന്നതല്ല. നഷ്ടങ്ങളുടെയും നാശങ്ങളുടെയും യഥാർത്ഥ വേര് തിന്മയാണ്. അല്ലാഹു നമ്മെ ഏവരെയും അവനെ അനുസരിക്കുന്നവരിൽ ഉൾപ്പെടുത്തുമാറാകട്ടെ. എല്ലാ തിന്മകളിൽ നിന്നും നാം രക്ഷപ്പെടുന്നവരാകട്ടെ. ദൈവസ്നേഹത്തിന്റെ അഗ്നി ഓരോ അഹ്മദിയും തന്റെ ഹൃദയത്തിൽ ജ്വലിപ്പിക്കുന്നവരാകട്ടെ. ശേഷം നാം ലോകത്തിന് മനോഹരമായ കാഴ്ച്ചകൾ കാണിച്ചുകൊടുക്കുന്നവരാകട്ടെ. അല്ലാഹു അങ്ങനെ ചെയ്യുമാറാകട്ടെ. ആമീൻ.


**വിവർത്തനം**
മൗലവി എൻ. ശഫീഖ് അഹ്മദ് പത്തപ്പിരിയം
മുബല്ലിഗ് , **PHONE : 9895109624**

**KHUTHBA:**
**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 09-10 - 2009 at**
**Baithul Futuh , London.**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode
Published by : **Majlis Khuddamul Ahmadiyya, Kerala**